പമ്പ	18-7-1979
പെരിങ്ങൽകുത്ത്	3-7-1986
ഷോളയാർ	2-9-1986
കുട്ടമ്പുഴ	21-11-1993
മീൻകുട്ട്	16-5-1994
ചോറ്റുപാറ	5-10-1996
കരിമണൽ	15-7-1993

(ഇത് 12-1-2001-ൽ വള്ളക്കടവിലേക്ക് മാറ്റി സെപ്റ്റംബർ 2001 മുതൽ പ്രവർത്തിപ്പിക്കുന്നില്ല)

(സി) 1997-ന് മുമ്പ് സ്വിസ്മോഗ്രാഫിന്റെ അനാലിസിസ് മാനുൽ ആയാണ് നടത്തിയിരുന്നത്. അന്ന് എർത്ത് കൂവേക്കിന്റെ മാഗ്നിറ്റ്യൂഡും ഓരോ സ്റ്റേഷനിൽ നിന്നുമുള്ള എപ്പിസെന്ററിന്റെ ദൂരവും മാത്രമേ കണക്കാക്കിയിരുന്നുള്ളൂ. 1997-നു ശേഷം കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഓരോ ഷോക്കിന്റെയും എപ്പിസെന്റർ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ 1997-ന് മുമ്പ് ഇടുക്കി സ്റ്റേഷനിൽ റിക്കാർഡ് ചെയ്ത ഷോക്കിന്റെ എണ്ണവും 1997-ന് ശേഷം റിക്കാർഡ് ചെയ്യപ്പെട്ട ചലനങ്ങളുടെ പദ്ധതി പ്രദേശം തിരിച്ചുള്ള വിവരവും അനുബന്ധമായി വച്ചിട്ടുണ്ട്. †

(ഡി) കേരളത്തിലെ എല്ലാ റിസർവേയറുകളിലും വൈദ്യുതി ബോർഡ് പഠനം നടത്തിയിട്ടില്ല. എന്നാൽ ഇടുക്കി, ഇടമലയാർ റിസർവേയറുകളിൽ ഉണ്ടാകുന്ന ഭൂചലനങ്ങൾ ബോർഡ് നിരീക്ഷിച്ചു വരുന്നുണ്ട്.

വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ പങ്കാളിത്തം

4 [1092] ശ്രീ. കെ. പി. രാജേന്ദ്രൻ :

,, പി. നാരായണൻ :

,, എൻ. രാജൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ രംഗത്ത് സ്വകാര്യ ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി മേഖലയിൽ ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ബോർഡിന്റെ ലൈനുകൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; വാടക ഇനത്തിൽ വർഷം തോറും ലഭിക്കുന്ന സംഖ്യയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൃശ്ശൂർ കോർപ്പറേഷനിൽ വൈദ്യുതി വിതരണം സംബന്ധിച്ച് ബോർഡും കോർപ്പറേഷനും തമ്മിലുള്ള എഗ്രിമെന്റ് ഇപ്പോൾ നിലവിലുണ്ടോ ; ഇതിലെ വ്യവസ്ഥകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി വിതരണാവകാശം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി വിതരണ രംഗത്ത് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ഇലക്ട്രിസിറ്റി ആക്ട് 2003-ന്റെ 14-ാം വകുപ്പനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനാണ്.

(ബി) വൈദ്യുതോല്പാദന മേഖലയിൽ താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.

1. ചെറുകിട വൈദ്യുത പദ്ധതികൾ

   (a) മണിയാർ—ക്യാപ്റ്റീവ് പ്രൊഡ്യൂസർ (12 MW)

   (b) കുത്തുങ്കൽ—ക്യാപ്റ്റീവ് പ്രൊഡ്യൂസർ (21 MW)

2. താപ വൈദ്യുത പദ്ധതികൾ

   (a) ബി.എസ്.ഇ.എസ്. കേരളാ പവ്വർ ലിമിറ്റഡ് IPP (157 MW)

   (b) കാസർകോഡ് പവ്വർ കോർപ്പറേഷൻ IPP(20 MW)

വൈദ്യുതപ്രസരണ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

വിതരണ മേഖലയിൽ ലൈസൻസികളായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

1. തൃശ്ശൂർ മുനിസിപ്പാലിറ്റി.
2. റ്റാറ്റാ റ്റീ ലിമിറ്റഡ്
3. ടെക്നോ പാർക്ക്
4. കൊച്ചിൻ പോർട്ട് ട്രസ്റ്റ്
5. ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റ്, പോണ്ടിച്ചേരി
6. റബ്ബർ പാർക്ക്
7. കർണ്ണാടക പവ്വർ ട്രാൻസ്മിഷൻ കോർപ്പറേഷൻ
8. കിൻഫ്ര.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, ഇതുവരെ ഓപ്പൺ അക്സസ് (Open access) അനുസരിച്ച് കെ. എസ്. ഇ. ബി. യുടെ പ്രസരണ ലൈനുകൾ വാടക നൽകി ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള സ്ഥാപനങ്ങൾ താഴെ ചേർക്കുന്നു.

1. INDAL (ഇൻഡാൽ—ഇന്ത്യൻ അലുമുനിയം കമ്പനി ലിമിറ്റഡ്) അനുമതി ലഭിച്ചെങ്കിലും കമ്പനി അതു ഇതുവരെ ഉപയോഗപ്പെടുത്തിയില്ല.

2. TNEB (തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ്).

3. NVVN (NTPC വിദ്യുത് വ്യാപാർ നിഗം ലിമിറ്റഡ്)- TNEB, NVVN എന്നീ സ്ഥാപനങ്ങളുടെ ഓപ്പൺ അക്സസ് ചാർജ്ജ് റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണു നൽകുന്നത്.

ഈ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന കാലയളവിൽ മാത്രമേ ഈ തുക നൽകേണ്ടതുള്ളു. ഈ സ്ഥാപനങ്ങൾ ഇപ്പോൾ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നത് ഈ രീതിയിൽ കൂടിയാണ്. ഇതിനുള്ള തുക കിട്ടാറാകുന്നതേയുള്ളു.

(ഡി) തൃശ്ശൂർ കോർപ്പറേഷനിൽ വൈദ്യുതി വിതരണം സംബന്ധിച്ച് ബോർഡും കോർപ്പറേഷനും തമ്മിൽ എഗ്രിമെന്റ് നിലവിലില്ല.

(ഇ) തീരുമാനിച്ചിട്ടില്ല.

ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺ ലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ്ഹോൾഡ്സ് പദ്ധതി

5 [1093] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കി വരുന്ന "ആക്സിലറേറ്റഡ് ഇലക്ട്രിഫിക്കേഷൻ ഓഫ് വൺലാക്ക് വില്ലേജസ് ആന്റ് വൺ ക്രോർ ഹൗസ് ഹോൾഡ്സ് "എന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ സംസ്ഥാനത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര വില്ലേജുകൾക്കും വീടുകൾക്കും ഗുണം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ടി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ടി പദ്ധതി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly